കുടുംബശ്രീ അക്കൗണ്ട്സ് ആന്റ് ആഡിറ്റിംഗ് സർവ്വീസ് സൊസൈറ്റി

228 (3435) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കുടുംബശ്രീയുടെ കണക്കെഴുത്ത് പരിശീലനം നൽകുന്നതും, കണക്കുകൾ പരിശോധിക്കുന്നതും ഏത് ഏജൻസിയാണെന്ന് വ്യകതമാക്കുമോ;

(ബി) കുടുംബശ്രീ അക്കൗണ്ട് ആന്റ് ആഡിറ്റിംഗ് സർവ്വീസ് സൊസൈറ്റി (കെ.എ.എസ്.എസ്.) എന്ന ഏജൻസി രൂപീകരിച്ചത് എപ്പോഴാണെന്നും അതിന്റെ ഉദ്ദേശ്യം എന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സൊസൈറ്റിക്ക് കുടുംബശ്രീയുടെ ഓഡിറ്റിംഗ് നടത്തുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ എന്നും ഇല്ലെങ്കിൽ കുടുബശ്രീ ഓഡിറ്റിങ്ങ് നടത്തുന്നതിന് പ്രസ്തുത വിഭാഗത്തെ തുടർന്നും ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കണക്കെഴുത്ത് പരിശീലനം നൽകുന്നതും കണക്കുകൾ പരിശോധിക്കുന്നതും കുടുംബശ്രീയുടെ പിന്തുണാ സംവിധാനങ്ങളായ കാസ് ഗ്രൂപ്പും പരിശീലന ഗ്രൂപ്പുകളുമാണ്.

(ബി) കുടുംബശ്രീ അക്കൗണ്ട്സ് & ആഡിറ്റിംഗ് സർവ്വീസ് സൊസൈറ്റി (കാസ്) രൂപീകരിച്ചത് 2007-ലാണ്. 22-2-2011-ലെ കുടുംബശ്രീ ഗവേണിംഗ് ബോഡി തീരുമാന പ്രകാരം കുടുംബശ്രീ സംവിധാനത്തിന്റെ അംഗീകൃത ആഡിറ്റിംഗ് ഏജൻസിയായി കാസ് ഗ്രൂപ്പുകളെ അംഗീകരിച്ചിട്ടുണ്ട്. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ഭാഗമായ അയൽക്കൂട്ടങ്ങളുടെയും എ.ഡി.എസ്. സി.ഡി.എസ്. സംവിധാനങ്ങളുടെയും സാമ്പത്തിക പ്രവർത്തനങ്ങൾ/ഇടപാടുകൾ സുതാര്യമായും കാര്യക്ഷമമായും നടത്തുന്നുവെന്ന് ഉറപ്പുവരുത്തുകയെന്നതാണ് ഇതിന്റെ ഉദ്ദേശ്യം.

(സി) കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തിന്റെ ആഡിറ്റിംഗ് കാസ് അംഗങ്ങൾക്ക് നടത്തുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തിന്റെ ആഡിറ്റിംഗ് തുടർന്നും പ്രസ്തുത വിഭാഗത്തെ ഏൽപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly